23 (*357) ചെക്കിംഗ് വിഭാഗം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ചെക്കിംഗ് വിഭാഗം കാര്യക്ഷമമല്ലാത്തതിനാൽ വൻതോതിൽ വരുമാനചോർച്ച ഉണ്ടാകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ചെക്കിംഗ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശിച്ചിട്ടുള്ള ഡ്യൂട്ടികൾ എന്തൊക്കെയാണ്;

(ഡി) ഇവ പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇൻസ്പെക്ടർമാരെ പോയിന്റ് ഡ്യൂട്ടിക്കു നിയോഗിച്ച് എല്ലാ പ്രധാന സ്റ്റോപ്പുകളിലും ബസ്സുകൾ നിറുത്തുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) വരുമാന ചോർച്ചയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലൈൻ ഇൻസ്പെക്ടർ കൂടുതൽ കർശനമാക്കാൻ നിർദ്ദേശം നൽകി. എൻക്വയറി ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന ഇൻസ്പെക്ടർമാരെ പിൻവലിച്ച് ലൈൻ ഇൻസ്പെക്ഷന് നിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(സി) യൂണിറ്റ് തലത്തിൽ കൺട്രോൾ ഡ്യൂട്ടി, ലൈൻ ചെക്കിംഗ്, വിജിലൻസ് എൻക്വയറി, എൻക്വയറി കൗണ്ടർ, ആക്സിഡന്റ് എൻക്വയറി എന്നിവയാണ് ഇൻസ്പെക്ടർമാരുടെ ജോലികൾ.

(ഡി) ഉണ്ട്.

(ഇ) യാത്രക്കാരുടെ തിരക്കുള്ള സമയങ്ങളിൽ (രാവിലെയും വൈകുന്നേരവും) ആവശ്യമുള്ള സ്ഥലങ്ങളിൽ പോയിന്റ് ഡ്യൂട്ടിക്ക് ഇൻസ്പെക്ടർമാരെ നിയോഗിക്കുന്നുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1733) സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ വായ്പ എടുക്കുന്ന നടപടി

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ 1998-99 സാമ്പത്തിക വർഷവും 1999 ജൂൺ 13-ാം തീയതി വരെയും ഇപ്രകാരം ഏതൊക്കെ സഹകരണ ബാങ്കുകളിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly